**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ 27 സബ് രജിസ്ട്രാർ ഓഫീസുകളിൽ അരീക്കോട്, എടക്കര, എടപ്പാൾ, എടവണ്ണ, കരുവാരക്കുണ്ട്, മേലാറ്റൂർ, മോങ്ങം, മൂർക്കനാട്, പരപ്പനങ്ങാടി, തിരൂർ, വാഴക്കാട്, വേങ്ങര, വണ്ടൂർ എന്നീ 13 സബ് രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.<br><br>എടക്കര, മേലാറ്റൂർ, മൂർക്കനാട്, പരപ്പനങ്ങാടി, തിരൂർ, വണ്ടൂർ, അരീക്കോട് എന്നീ 7 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വന്തമായി ഭൂമി ലഭിച്ചിട്ടുണ്ട്. എടപ്പാൾ, വേങ്ങര എന്നീ ഓഫീസുകൾക്ക് റവന്യൂ വകുപ്പ് നിർമ്മിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാക്കി 4 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്വന്തമായി സ്ഥലം ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടക കുടിശികയിനത്തിൽ സർക്കാർ നൽകാനുള്ള തുകയുടെ വിശദാംശം നൽകാമോ; പ്രസ്തുത കുടിശിക എന്നത്തേയ്ക്ക് നൽകുമെന്ന് അറിയിക്കുമോ; | (ബി) | മോങ്ങം, പരപ്പനങ്ങാടി എന്നീ ഓഫീസുകൾക്ക് യഥാക്രമം 15,99,887/-, 8,01,489/- രൂപയായി ആകെ 24,01,376/-രൂപ (ഇരുപത്തിനാല് ലക്ഷത്തി ആയിരത്തി മുന്നൂറ്റി എഴുപത്തി ആറ് രൂപാ മാത്രം) കുടിശ്ശിക നൽകാനുണ്ട്. കുടിശ്ശിക നൽകുന്നതിനുള്ള അപേക്ഷ പരിശോധിച്ചുവരുന്നു. |
| (സി) | മലപ്പുറം മണ്ഡലത്തിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോങ്ങം സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ വകുപ്പുമായും തദ്ദേശ സ്വയംഭരണ വകുപ്പുമായും ബന്ധപ്പെട്ട് ശ്രമങ്ങൾ നടന്നുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ഡി) | പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഓഫീസ് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | (സി) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ